**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6553** **11-11-2021 - ൽ മറുപടിയ്ക്ക്**

**രാസവള വിൽപ്പന രംഗത്ത് സുതാര്യത ഉറപ്പുവരുത്തുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ദെലീമ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര രാസവള മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തിനുള്ള രാസവള അലോട്ട്മെന്റ് എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രരാസവള മന്ത്രാലയത്തിൽ നിന്നും, സംസ്ഥാനത്തിനുള്ള രാസവളങ്ങളുടെ അലോട്ട്മെന്റ് മാസം തോറും ആണ് ലഭിക്കുന്നത്. 2021 ഒക്ടോബർ മാസത്തെയും നവംബർ മാസത്തെയും അലോട്ട്മെന്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് രാസവളത്തിന് കടുത്ത ക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. രാസവളക്ഷാമവുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമായി കേന്ദ്ര സർക്കാരിനെ അറിയിക്കുന്നുണ്ട്. എല്ലാ ചൊവ്വാഴ്ചയും വളത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നതിനായി കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്താറുണ്ട്. ഈ കോൺഫറൻസിൽ കേരളത്തിന്റെ രാസവള ക്ഷാമത്തെക്കുറിച്ച് കൃത്യമായി അറിയിക്കാറുണ്ട്. കേരളത്തിലെ റീട്ടെയ് ലർമാർ കൃത്യമായി POS (Point of Sales) മെഷീൻ ഉപയോഗിക്കാത്തതാണ് പ്രധാനപ്പെട്ട കാരണമായി കേന്ദ്രസർക്കാർ സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിലുള്ള രാസവളങ്ങളുടെ ശേഖരം കേന്ദ്രസർക്കാരിന് Integrated Fertilizer Management System (IFMS) സൈറ്റ് മുഖാന്തിരം ലഭ്യമാണ്. റീട്ടെയ്ലർമാർ POS മെഷീൻ കൃത്യമായി ഉപയോഗിക്കാത്തതു കാരണം യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് ശേഖരത്തെക്കാൾ വളരെ കൂടുതലാണ് POS ലുള്ള നീക്കിയിരിപ്പ് ശേഖരം. POS-ലെ രാസവളത്തിന്റെ ശേഖരം നോക്കിയാണ് നിലവിൽ കേന്ദ്രസർക്കാർ രാസവളത്തിന്റെ അലോട്ട്മെന്റ് അനുവദിക്കുന്നത്. രാസവളക്ഷാമം നേരിട്ടതിനാൽ കഴിഞ്ഞ രണ്ടു മാസവും കേരളത്തിലെ എല്ലാ രാസവള റീട്ടെയ്ൽ ഡിപ്പോകളും ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർ പരിശോധന നടത്തുകയും |

| | | | |
|---|---|---|---|
| | | | റീട്ടെയ്ൽ ഡീലർമാരോട് POS മെഷീൻ കൃത്യമായി ഉപയോഗിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അല്ലാത്തപക്ഷം ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരം കർശന നടപടികൾ സ്വീകരിക്കും എന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിളകൾക്ക് വള പ്രയോഗം നടത്തുന്ന സമയമായതിനാൽ വളത്തിന് നേരിടുന്ന ക്ഷാമവും വില വർദ്ധനവും മൂലം കർഷകർ ദുരിതത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വളത്തിന് നേരിടുന്ന ക്ഷാമം പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളത്തിന്റെ ക്ഷാമം അറിയിക്കുന്ന ഡിപ്പോകളിൽ അടിയന്തിരമായി വളം എത്തിക്കുവാൻ വളം വിതരണം ചെയ്യുന്ന കമ്പനികൾക്ക് നിർദ്ദേശം നൽകി ക്ഷാമം പരിഹരിക്കുന്നുണ്ട്. |
| (ഡി) | രാസവള വിൽപ്പന രംഗത്ത് സുതാര്യത ഉറപ്പുവരുത്തുന്നതിനും സബ്സിഡി നിരക്കിൽ ലഭിക്കുന്ന രാസവളങ്ങൾ കർഷകന് തന്നെ ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ ലഭിക്കുന്ന രാസവളങ്ങൾ യഥാർത്ഥ കർഷകന് തന്നെയാണോ ലഭിക്കുന്നത് എന്നറിയുവാനാണ് സബ്സിഡി നിരക്കിലുള്ള രാസവളങ്ങൾ POS മെഷീൻ മുഖേന വിൽക്കുന്നത്. 2018 മുതൽ കേന്ദ്ര സർക്കാർ രാസവള വിതരണത്തിന് DBT സംവിധാനം ഏർപ്പെടുത്തുകയും POS മെഷീൻ മുഖേന വളം വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കർഷകന്റെ ആധാർ നമ്പർ ഉപയോഗിച്ച് വിരലടയാളം പതിപ്പിച്ചാണ് POS മെഷീനിലൂടെ വളം വാങ്ങുന്നത്. അതിനാൽ യഥാർത്ഥ കർഷകൻ തന്നെയാണോ വളം വാങ്ങിയത് എന്നറിയുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വളം | ഒക്ടോബർ 2021 | നവംബർ 2021 |
|---|---|---|
| യൂറിയ | 15770 MT | 6300 MT |
| DAP | 1040 MT | 3000 MT |
| MOP | 7150 MT | 9000 MT |
| കോംപ്ലക്സ് വളങ്ങൾ | 17550 MT | 14650 MT |

**സെക്ഷൻ ഓഫീസർ**

Scanned with CamScanner